## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5946      04/11/2016-ൽ മറുപടിയ്ക്ക്

## അക്കാദമിക് കൺസൾട്ടന്റ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഹൈബി ഈഡൻ** | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) എസ്.സി.ഇ.ആർ.റ്റി. യിലെ സർവ്വീസ് റൂൾസ് പ്രകാരം അക്കാദമിക് കൺസൾട്ടന്റ് എന്ന തസ്തിക ഉണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തസ്തികയുടെ യോഗ്യതയെന്താണെന്ന് വ്യക്തമാക്കാമോ; | (എ) ഇല്ല. |
| (ബി) ഈ സർക്കാർ നിലവിൽ വന്നശേഷം ആരെയൊക്കെ എസ്.സി.ഇ.ആർ.റ്റി.യിൽ അക്കാദമിക് കൺസൾട്ടന്റ്മാരായി നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നിയമനത്തിന് മുമ്പ് അവർ ഏത് സ്ഥാപനത്തിലാണ് ജോലി ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഡോ. പി. സത്യനേശനെ മാത്രമാണ് കൺസൾട്ടന്റായി കരാർ അടിസ്ഥാനത്തിൽ എസ്.സി.ഇ.ആർ.ടി യിൽ നിയമിച്ചത്.. ഡോ. പി. സത്യനേശൻ എസ്.സി.ഇ.ആർ.ടി യിൽ കരിക്കുലം വിഭാഗം തലവനായും, തുടർന്ന് എസ്.സി.ഇ.ആർ.ടി യിൽ അക്കാദമിക് കൺസൾട്ടന്റായും, സീ-മാറ്റ് കേരളയിൽ അക്കാദമിക് കൺസൾട്ടന്റായും മുമ്പ് സേവനം അനുഷ്ഠിച്ചിട്ടുണ്ട്. |
| (സി) അക്കാദമിക് കൺസൾട്ടന്റിന്റെ ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) അക്കാദമിക കാര്യങ്ങളിൽ ആവശ്യമുള്ള സന്ദർഭങ്ങളിൽ ഡയറക്ടറുടെ നിർദ്ദേശാനുസരണം ഫാക്കൽറ്റി അംഗങ്ങൾക്ക് ഉപദേശം നൽകുക, അക്കാദമിക കാര്യങ്ങൾ ആസൂത്രണം ചെയ്യുന്നതിന് സഹായിക്കുക ശില്പശാലകൾ, പരിശീലന പരിപാടികൾ ഇവയിൽ ആവശ്യമുള്ള ഘട്ടങ്ങളിൽ പങ്കെടുത്ത് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക എന്നിവയാണ് അക്കാദമിക് കൺസൾട്ടന്റിന്റെ ചുമതലകൾ |

സെക്ഷൻ ഓഫീസർ